**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360** **01-07-2024 - ൽ മറുപടിയ്ക്ക്**

**വാണിജ്യ മേഖലയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാപാരി സമൂഹത്തിന്റെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വ്യാപാര വാണിജ്യ മേഖലയുടെ സമഗ്ര വികസനത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിലവിൽ വ്യവസായ വകുപ്പ് നൽകി വരുന്ന സേവനങ്ങളും പദ്ധതികളും താഴെ പറയുന്നു.<br><br>1. എന്റർപ്രണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.<br><br>2 ഹെൽപ് ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്കുകൾ വഴി സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റ കാര്യങ്ങളിലും എന്റർപ്രണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് മാരുടെ സേവനം പ്രയോജനപ്പെടുത്താം.<br><br>3. എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നല്കാൻ സജ്ജമായ എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സന്മാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4. OFOE പദ്ധതി: ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേക്ക് പരമാവധി 6% പലിശ ഇളവിന് അർഹതയുണ്ട്. 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.<br><br>5. MSME ഇൻഷ്വറൻസ് പദ്ധതി: ഉത്പാദന-സേവന-വ്യാപാര- മേഖലകളിൽപ്പെട്ട സൂക്ഷ്മ-ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.<br><br>6. സംസ്ഥാന അവാർഡുകൾ: MSME കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ച വച്ച സംരംഭങ്ങൾ/സംരംഭകർക്ക് അവാർഡുകൾ നൽകുന്നു. ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്. |
| (ബി) | ഇതിന്റെ ഭാഗമായി പ്രത്യേക വാണിജ്യ വിഭാഗം രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ വാണിജ്യ വ്യാപാര മേഖലയിൽ ഉണ്ടാകുന്ന ഗുണങ്ങൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023 ലെ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് 29.01.2024-ലെ സ.ഉ.(കൈ) നം.5/2024/ID ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത്, |

| | | | |
|---|---|---|---|
| | | | വ്യാപാര വാണിജ്യ മേഖലയ്ക്ക് ഊന്നൽ നൽകുക എന്നുള്ളതാണ് കോമേഴ്സ് മിഷന്റെ പ്രധാന ലക്ഷ്യം. വ്യാവസായിക, വാണിജ്യ പരിസ്ഥിതിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നയങ്ങൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അവ നിരീക്ഷിക്കാനും ഇത് വഴി ഉദ്ദേശിക്കുന്നു. ഇത് മൂലം സംസ്ഥാനത്ത് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരാൻ അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും. |
| (സി) | എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്ക് കൂടി നൽകുവാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇന്ത്യയിൽ പ്രവർത്തിച്ചു വരുന്ന ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങളെ 2021 ജൂലൈ 2 ലെ ഉത്തരവ് നമ്പർ 5/2(2)/2021-E/P&G/Policy പ്രകാരം കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയം എം.എസ്.എം.ഇ കളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മുഖേന, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ-കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും. കൂടാതെ, ട്രേഡ് യൂണിറ്റുകൾക്ക് മുൻഗണനാ മേഖല വായ്പ ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കാനും സാധിക്കും.<br><br>എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്-ന്റെ സേവനം, ഹെല്പ് ഡെസ്ക്-ലൂടെ യുള്ള സേവനം, എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററിൽ കൂടിയുള്ള സേവനങ്ങൾ, KELS പോർട്ടൽ വഴി ബാങ്ക് മുഖേന ലഭ്യമാകുന്ന ലോൺ, OFOE പദ്ധതി വഴി ലഭ്യമാകുന്ന പലിശ സബ്സിഡി, MSME ഇൻഷുറൻസ് പദ്ധതി, സംസ്ഥാന അവാർഡുകൾ എന്നീ പദ്ധതികളിലെല്ലാം, MSME സംരംഭങ്ങളോടൊപ്പം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്ക് കൂടി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ